LIBRARY ARCHIVES Kerala Legislative Assembly

ചാത്തന്നൂർ നിയോജകമണ്ഡല പുനർനിർണ്ണയം

30 (4065) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ നിയോജകമണ്ഡലം പുനർനിർണ്ണയം നടത്തിയപ്പോൾ മണ്ഡലത്തിൽ നിലവിലുണ്ടായിരുന്ന നെടുമ്പന ഗ്രാമപഞ്ചായത്ത് മുഖത്തല ബ്ലോക്ക് പഞ്ചായത്തിലേക്ക് മാറ്റുകയും പകരം കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിലെ പൂയപ്പള്ളി ഗ്രാമപഞ്ചായത്ത് ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുത്തുകയും ചെയ്തകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ചാത്തന്നൂർ നിയോജകമണ്ഡലത്തിലേക്ക് കൂട്ടിച്ചേർത്ത പൂയപ്പള്ളി ഗ്രാമപഞ്ചായത്ത് ഇപ്പോഴും കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത് പരിധിയിലാണ് പ്രവർത്തിക്കുന്നതെന്ന കാര്യം പരിഗണിച്ച് പ്രസ്തുത ഗ്രാമപഞ്ചായത്ത് ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പിന് മുൻപ് ഈ നടപടി പൂർത്തീകരിക്കുന്നതിന് തടസ്സമുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പൂയപ്പള്ളി ഗ്രാമപഞ്ചായത്ത് നിലവിൽ കൊട്ടാരക്കര ബ്ലോക്കിന്റെ ഭാഗമാണെങ്കിലും ചാത്തന്നൂർ അസംബ്ലി നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ടുവരുന്ന ഒരു ഗ്രാമപഞ്ചായത്താണ്. ഈ ഗ്രാമപഞ്ചായത്തിനെ കൊട്ടാരക്കര ബ്ലോക്കിൽനിന്നും വേർപെടുത്തി ഇത്തിക്കര ബ്ലോക്കിൽ ഉൾപ്പെടുത്തിയാണ് കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പിന് മുമ്പ് ബ്ലോക്ക് പുനഃക്രമീകരണവുമായി ബന്ധപ്പെട്ട നടപടികൾ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ തൊഴിലുറപ്പ് പദ്ധതി

31 (4066) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ പഞ്ചായത്തുകളിൽ നാളിതുവരെ തൊഴിലുറപ്പ് പദ്ധതിയിൽ എത്ര കുടുംബങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര ആളുകൾ നിലവിൽ ജോലി ചെയ്യുന്നുവെന്ന് വ്യക്തമാക്കുമോ ;

(സി) നിലവിൽ തൊഴിലുറപ്പ് പദ്ധതി കൂലിയിനത്തിൽ കുടിശ്ശിക നൽകുവാനുണ്ടോ : ഉണ്ടെങ്കിൽ തുക എത്രയെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ പഞ്ചായത്തുകളിൽ നാളിതുവരെ 20513 കുടുംബങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ നിലവിൽ 7846 ആളുകൾ ജോലി ചെയ്യുന്നു.

(സി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ കൂലിയിനത്തിൽ കുടിശ്ശിക നൽകാനുണ്ട്. വിശദാംശം പഞ്ചായത്ത് തിരിച്ച് ചുവടെ ചേർക്കുന്നു :

പഞ്ചായത്തിന്റെ പേര്	കൂലിയിനത്തിലെ കുടിശ്ശിക (ലക്ഷത്തിൽ)
ആല	3
ബുധനൂർ	0.29
ചെറിയനാട്	9.26
മുളക്കുഴ	4.98
പാണ്ടനാട്	5.49
പുലിയൂർ	0.65
തിരുവൻവണ്ടൂർ	2.77
വെൺമണി	2.13
ചെന്നിത്തല	15.33
മാന്നാർ	11.52
ആകെ	55.42

LIBRARY ARCHIVES Kerala Legislative Assembly